# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1049

05.03.2018-ന് മറുപടിയ്ക്ക്

## സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, റോജി എം. ജോൺ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പുതിയ ലൈബ്രറികൾ നിർമ്മിക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്തെ സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും നിലവിലുള്ള ലൈബ്രറികൾ കൂടുതൽ വിപുലീകരിക്കുന്നതിനും, കുട്ടികൾക്ക് പ്രയോജനപ്രദമായ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നതിനും, പരമാവധി സ്കൂളുകളിൽ ക്ലാസ് മുറികളിൽ തന്നെ ലൈബ്രറികൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ 1227 ഗവ. ഹൈസ്കൂളുകൾക്ക് ഒരു ക്ലാസ് മുറി ലൈബ്രറിക്ക് പുസ്തകം വാങ്ങുന്നതിനായി 2500/- രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) ക്രമത്തിൽ നാല് ക്ലാസ്റൂം ലൈബ്രറികൾ വീതം സജ്ജമാക്കുന്നതിനായി 10,000/- രൂപ (പതിനായിരം രൂപ)വീതം ആർ.എം.എസ്.എ. വഴി നൽകുകയും പുസ്തകം സൂക്ഷിക്കുന്നതിനായുള്ള ഷെൽഫ് വാങ്ങുന്നതിലേക്കായുള്ള തുക ആർ.എം.എസ്.എയുടെ സ്കൂൾ ഗ്രാന്റിൽ നിന്ന് വിനിയോഗിക്കുവാനുമുള്ള നിർദ്ദേശവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുമുണ്ട്.<br>സ്കൂളുകളിൽ ഒഴിവുള്ള ക്ലാസ് മുറികൾ പ്രയോജനപ്പെടുത്തിയാണ് ലൈബ്രറികൾ ആരംഭിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യമെങ്കിൽ ലൈബ്രറികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ